**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 884** **30-06-2022 - ൽ മറുപടിയ്ക്ക്**

**മലബാർ ദേവസ്വം ജീവനക്കാരുടെ ശമ്പളപരിഷ്കരണം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. ടി. പി .രാമകൃഷ്ണൻ</td><td colspan="2">ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>മലബാർ ദേവസ്വം ജീവനക്കാരുടെ ശമ്പളപരിഷ്കരണ ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണെന്നു വ്യക്തമാക്കാമോ; പുതുക്കിയ ശമ്പള പരിഷ്കരണ പ്രകാരമുള്ള ശമ്പളം എല്ലാ ജീവനക്കാർക്കും ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;</td><td>(എ)</td><td>മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം 01/01/2019 പ്രാബല്യത്തിൽ പരിഷ്കരിക്കുന്നതിന്, GO(Ms)No.57/2021/RDനമ്പറായി 12/02/2021-ന് ആണ് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുതശമ്പള പരിഷ്കരണ ഉത്തരവിലെ അനോമലികൾ പരിഹരിച്ച് മലബാർ ദേവസ്വം ബോർഡ് യോഗതീരുമാനപ്രകാരം 19 /01/2022-ന് കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനു ധനകാര്യ വകുപ്പിന്റെ സാധൂകരണം ലഭ്യമാക്കി ശമ്പള പരിഷ്കരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടന്നു വരുന്നു.</td></tr>
<tr><td>(ബി)</td><td>ഇല്ലെങ്കിൽ ശമ്പള പരിഷ്കരണം പൂർണ്ണമായി നടപ്പിലാക്കുന്നതിൽ ഉണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;</td><td>(ബി)</td><td>മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം 01/01/2019 പ്രാബല്യത്തിൽ പരിഷ്കരിക്കുന്നതിന്, GO(Ms)No.57/2021/RDനമ്പറായി 12/02/2021-ന് ആണ് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുതശമ്പള പരിഷ്കരണ ഉത്തരവിലെ അനോമലികൾ പരിഹരിച്ച് മലബാർ ദേവസ്വം ബോർഡ് യോഗതീരുമാനപ്രകാരം 19 /01/2022-ന് കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനു ധനകാര്യ വകുപ്പിന്റെ സാധൂകരണം ലഭ്യമാക്കി ശമ്പള പരിഷ്കരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടന്നു വരുന്നു.</td></tr>
<tr><td>(സി)</td><td>മലബാർ ദേവസ്വം ബോർഡിന് 2016-2021 കാലയളവിൽ എത്ര തുകയാണ് സർക്കാർ ധനസഹായമായി നൽകിയിട്ടുള്ളത്; 2021 മുതൽ നാളിതുവരെ എത്ര തുക ധനസഹായം നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ;</td><td>(സി)</td><td><table>
<tr><td colspan="2">വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.</td></tr>
<tr><td>വർഷം</td><td>സർക്കാരിൽ നിന്നും വിവിധ ഇനങ്ങളിലായി നൽകിയ ഗ്രാന്റ്-ഇൻ-എയ്ഡ്</td></tr>
<tr><td>2016-17</td><td>46,41,35000/-</td></tr>
<tr><td>2017-18</td><td>28,89,57,000/-</td></tr>
</table></td></tr>
</table>

<table>
<tr><td></td><td></td><td></td><td><table>
<tr><td>2018-19</td><td>36,95,78,985/-</td></tr>
<tr><td>2019-20</td><td>18,16,13,333/-</td></tr>
<tr><td>2020-21</td><td>44,30,53,740/-</td></tr>
<tr><td>2021-22</td><td>32,27,58,620/-</td></tr>
<tr><td>01.04.2022 മുതൽ 23.06.2022 വരെ</td><td>12,05,00,000/-</td></tr>
</table></td></tr>
<tr><td>(ഡി)</td><td>മലബാർ ദേവസ്വം ക്ഷേമനിധി ബോർഡിന് സർക്കാർ ധനസഹായം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ജീവനക്കാരുടെ പെൻഷൻ തുടങ്ങിയുള്ള ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിനായി സഹായധനം നൽകുന്നതിന് നടപടി കൈക്കൊള്ളുമോ; വ്യക്തമാക്കുമോ?</td><td>(ഡി)</td><td>മലബാറിലെ ക്ഷേത്ര ജീവനക്കാരുടേയും എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും ക്ഷേമനിധി പദ്ധതിയുടെ രൂപീകരണ വേളയിൽ, ഒറ്റതവണ ധനസഹായമായി 50 ലക്ഷം രൂപ സർക്കാർ അനുവദിച്ചിരുന്നു. കോവിഡ്-19 നെ തുടർന്നുണ്ടായ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ 2021 മാർച്ചിൽ, ബോർഡിന് അനുവദിച്ച സർക്കാർ ഗ്രാന്റ്-ഇൻ-എയ്ഡിൽ നിന്നും 1 കോടി രൂപ ക്ഷേമനിധി ബോർഡിന് അനുവദിച്ചിട്ടുണ്ട്. വിരമിച്ച ജീവനക്കാരുടെ പെൻഷൻ മുതലായ ആനുകൂല്യങ്ങൾ മുടക്കമില്ലാതെ നൽകുന്നതിനുള്ള നടപടികൾ ക്ഷേമനിധി ബോർഡ് സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ക്ഷേത്ര ജീവനക്കാരുടെ വിരമിക്കൽ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് മുടക്കം വരുന്നില്ല.</td></tr>
</table>

സെക്ഷൻ ഓഫീസർ